22725
18/12/19

കേരള സർക്കാർ

"ഭരണഭാഷ – മാതൃഭാഷ"

പാ.കാ.വ–എ 1/392/2019–പാ.കാ.വ

പാർലമെന്ററികാര്യ (എ) വകുപ്പ്
തിരുവനന്തപുരം
തീയതി : 07/12/2019

## സർക്കുലർ

വിഷയം : പാർലമെന്ററി കാര്യ വകുപ്പ് – നിയമസഭാ ചോദ്യങ്ങളുടെ മറുപടി യഥാസമയം ലഭ്യമാക്കുന്നത് – ഡിലേ സ്റ്റേറ്റ്മെന്റ് – നിർദ്ദേശം – സംബന്ധിച്ച്

സൂചന : 1) ബഹു. എം.എൽ.എ. ശ്രീ. ഉമ്മർ, ബഹു. എം.എൽ.എ. ശ്രീ.റോജി.എം.ജോൺ എന്നീ നിയമസഭാ അംഗങ്ങൾ ഉന്നയിച്ച ക്രമപ്രശ്നത്തിന്മേൽ ബഹു. പാർലമെന്ററി കാര്യ വകുപ്പ് മന്ത്രി 19/11/2019–ന് നിയമസഭയിൽ നൽകിയ മറുപടിയും ബഹു. സ്പീക്കറുടെ റൂളിംഗും
2) 16/03/2019–ലെ പാകാവ–എ 1/91/2019–പാകാവ നമ്പർ സർക്കുലർ

------

നിയമസഭാ ചോദ്യങ്ങൾക്ക് കൃത്യസമയത്ത് മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച് സർക്കാർ സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 47 പ്രകാരം നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി 15 ദിവസത്തിനകം നൽകാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദീകരിക്കുന്ന സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ സഭയുടെ മേശപ്പുറത്തു വയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ചോദ്യങ്ങളിൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ പലപ്പോഴും ബൃഹത്തായതും ഒന്നിലധികം വകുപ്പുകളിൽ നിന്നും ശേഖരിക്കേണ്ടിവരുമ്പോഴും മറ്റും സമയബന്ധിതമായി ഉത്തരം സഭയിൽ നൽകുവാൻ സാധിക്കാതെവരുന്നുണ്ട്. 14–ാം കേരള നിയമസഭയുടെ 16–ാം സമ്മേളനത്തിൽ നൂറിലധികം ഡിലേസ്റ്റേറ്റുമെന്റുകൾ ബഹു. മന്ത്രിമാർ നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്. എന്നാൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്ന ഡിലേസ്റ്റേറ്റുമെന്റുകളിൽ പലപ്പോഴും ചോദ്യം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഉൾക്കൊള്ളുന്നതായി കാണുന്നില്ല. കാലതാമസം സംബന്ധിച്ച പ്രസ്താവനകളിൽ ചോദ്യത്തിന്റെ ഉള്ളടക്കം, വിഷയം എന്നിവ കണ്ടെത്തുന്നതിന് നിയമസഭാംഗങ്ങൾക്ക് ഏറെ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പലപ്പോഴും മുൻ കാലങ്ങളിലെ ചോദ്യങ്ങൾക്കുള്ള മറുപടി അതാത് സമ്മേളനത്തിൽ തന്നെ ലഭിക്കാതെ വരുകയും പിന്നീട് അവ ഡിലേസ്റ്റേറ്റുമെന്റിലൂടെ അറിയിക്കുകയും ചെയ്യുമ്പോൾ അത് ചോദ്യം നൽകിയ അംഗത്തിനു പോലും തിരിച്ചറിയാൻ കഴിയാതെ വരുന്നു. ആയതിനാൽ മേലിൽ 15 ദിവസത്തിന് ശേഷം നൽകുന്ന നിയമസഭാ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളുടെ കൂടെ സഭയിൽ സമർപ്പിക്കുന്ന ഡിലേസ്റ്റേറ്റുമെന്റുകളിൽ എത്രാമത്തെ നിയമസഭ,

(..........2)

സമ്മേളനത്തിന്റെ നമ്പർ, തീയതി, ചോദ്യത്തിന്റെ നമ്പർ, ബന്ധപ്പെട്ട മന്ത്രിയുടെ പേര്, ചോദ്യവും ചോദ്യത്തിന്റെ വിഷയം, ചോദ്യം നൽകിയ അംഗത്തിന്റെ/അംഗങ്ങളുടെ പേര് കാലതാമസം നേരിട്ടതിന്റെ യഥാർത്ഥ കാരണം എന്നിവ ഉൾപ്പെടുത്തി കൂടുതൽ വ്യക്തതയോടെ നല്കണമെന്ന് സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുന്നു.

**കെ. ഷൈലശ്രീ**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ് :
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/ പ്രിൻസിപ്പൽ സെക്രട്ടറിമാർ/
സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർ
സെക്രട്ടേറിയറ്റിലെ നിയമം/ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
സെക്രട്ടറിയുടെ പി.എയ്ക്ക്
അഡീഷണൽ സെക്രട്ടറിയുടെ പി.എയ്ക്ക്
വെബ് ആന്റ് ന്യൂ മീഡിയ (ഗവൺമെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ